# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3792
# 21/06/2019 ലെ മറുപടിക്ക്

## ടെണ്ടർ സേവിംഗ്സ് നടപടികളിലെ വ്യക്തതയ്ക്ക് നടപടി

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളിൽ ഓരോ വർഷവും എത്ര തുകയാണ് ടെണ്ടർ സേവിംഗ്സ് ആയി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളു. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളു. |
| (ബി) | എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് നടപടിക്രമങ്ങളിലെ അവ്യക്തത കാരണം ആയത് മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കുവാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | ഉണ്ടെങ്കിൽ അവ്യക്തത പരിഹരിച്ച് ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടിക്രമത്തിൽ വ്യക്തത വരുത്തുമോ എന്ന് അറിയിക്കാമോ ? | |

സെക്ഷൻ ഓഫീസർ